# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2320

18.06.2014-ൽ മറുപടിയ്ക്ക്

## മഴക്കാലത്തിനു മുൻപുതന്നെ ക്രമാതീതമായി പനി വ്യാപിക്കുന്ന സാഹചര്യം

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | മറുപടി<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) ഇക്കഴിഞ്ഞ വർഷം ഹോട്ട് സ്പോട്ടായി കണ്ടെത്തി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയ സ്ഥലങ്ങളിൽ പോലും വിവിധ തരം പനികൾ പടരുന്നതിനുണ്ടായ കാരണം വിലയിരുത്തിയിട്ടുണ്ടോ; | (എ) കഴിഞ്ഞ വർഷം ചില പ്രത്യേക രോഗങ്ങൾക്ക് ഹോട്ട് സ്പോട്ടായി കണ്ടെത്തി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയ സ്ഥലങ്ങളിൽ മിക്കവയിലും ഈ വർഷം ആ രോഗങ്ങൾ പടരുന്നതായി കാണുന്നില്ല. കേരളത്തിൽ മഴക്കാലത്ത് കൂടുതൽ പേരെ ബാധിക്കുന്നത് സാധാരണ വൈറൽ പനികളാണ്. ഇവയെ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി കൊണ്ട് തടയാവുന്നതിന് പരിമിതികളുണ്ട്. എന്നാൽ കൊതുക്ജന്യരോഗങ്ങളായ ഡെങ്കിപ്പനി, ജപ്പാൻജ്വരം, മലമ്പനി എന്നിവ കൊതുകിന്റെ ഉറവിട നശീകരണവും, കൂത്താടി കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിയ സ്ഥലങ്ങളിൽ കുറച്ചുകൊണ്ടു വരുവാൻ കഴിയുന്നുണ്ട്. എലിപ്പനിക്കെതിരെയും പ്രത്യേക പ്രതിരോധ പ്രവർത്തനങ്ങളും ഡ്രൈ ഡേ ക്ലീൻ കൊണ്ടുള്ള രോഗ പ്രതിരോധ മാർഗ്ഗങ്ങളും ഫലപ്രദമായിട്ടാണ് കാണുന്നത്. രോഗ കാരണങ്ങളായ വൈറസുകളിലും മറ്റും ജനിതക മാറ്റങ്ങൾ വരുന്നതും രോഗം പരത്തുന്ന ജീവികൾ കീടനാശിനികൾക്കെതിരെ പ്രതിരോധ ശേഷി ആർജ്ജിക്കുന്നതും, കാലാവസ്ഥയിലുണ്ടാകുന്ന അപ്രതീക്ഷിത മാറ്റങ്ങളും ചില പ്രദേശങ്ങളിലെ ഒഴിവാക്കാൻ സാധ്യമാകാത്ത സാഹചര്യങ്ങളുമെല്ലാം ഹോട്ട് സ്പോട്ടുകൾ അതുപോലെ തുടരാൻ കാരണമാകാം. |

| | |
|---|---|
| (ബി) മഴക്കാലത്തിനു മുൻപുതന്നെ ക്രമാതീതമായി പനികൾ വ്യാപിക്കുന്ന സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിനായി പ്രത്യേകമായി എന്തെല്ലാം പുതിയ പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ ? | ബി) വിവിധ വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുവാൻ ജില്ലാതലം മുതൽ പഞ്ചായത്ത് തലം വരെ കോർഡിനേഷൻ യോഗങ്ങൾ വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചത് ഏറെക്കുറെ പൂർണ്ണമായി നടത്തുകയുണ്ടായി. മഴക്കാലപൂർവ്വ ശുചീകരണവും കൊതുകിന്റെ ഉറവിട നശീകരണത്തിനുള്ള ക്യാമ്പെയിനുകളും ജലശുദ്ധീകരണ ക്യാമ്പെയിനുകളും തീരുമാനപ്രകാരം നടപ്പിലാക്കി. സ്കൂൾ കുട്ടികൾ ബുധനാഴ്ചകളിൽ ആരോഗ്യ പ്രതിജ്ഞ എടുത്തുവരുന്നു. സ്കൂളുകളിലും വീടുകളിലും സ്ഥാപനങ്ങളിലും ജൂൺ മാസം ഡ്രൈഡേ ആചരണം ആരംഭിച്ചുകഴിഞ്ഞു. അന്യ സംസ്ഥാനത്തൊഴിലാളികളുടെ രോഗപരിശോധന നടത്തിവരുന്നു. ഭക്ഷണ ശാലകളിലെ പരിശോധന കർശന മാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ